# 6

# മീൻ പിടിത്തക്കാരെ യേശു പിടിക്കുന്നു

## (ജപ്പാൻ - കുറിഹാരി കിമിയോഷി)

ജപ്പാനിലെ റ്റ്സുഷിമ ദ്വീപിൽ 48 വയസ്സുകാരനായ മീൻപിടുത്തക്കാരൻ സഡയുഖി സ്നാനപ്പെട്ടത് കണ്ടപ്പോൾ എന്റെ ഹൃദയം സന്തോഷം കൊണ്ട് നിറഞ്ഞു. പതിനഞ്ച് വയസ്സു മുതൽ മീൻപിടുത്തക്കാരനായി ജോലി ചെയ്തിട്ട് ഇപ്പോൾ യേശു പിടിച്ചു.

ഞാൻ സഡയുഖിയെ ആദ്യം കാണുന്നത് ഒരു സൂപ്പർ മാർക്കറ്റിലെ പാർക്കിങ് സ്ഥലത്തു വച്ച് സിഗരറ്റ് ചോദിക്കുന്നതാണ്. ഞാനും എന്റെ ഭാര്യയും രണ്ടു പെൺമക്കളും റ്റ്സുഷിമ ദ്വീപിലാണ്. ഇത് ജപ്പാന്റെയും തെക്കൻ കൊറിയയുടെയും മദ്ധ്യേയുള്ള ഒരു ദ്വീപാണ്. 30,000 ആളുകൾ ഇവിടെ വസിക്കുന്നു. ഗ്ലോബൽ മിഷൻ പ്രവർത്തകരായി ഞങ്ങൾ ഇവിടെ വേല ആരംഭിക്കുവാൻ വന്നവരാണ്. ഏഴ് വർഷത്തിനു മുൻപ് ഇവിടെ ഞങ്ങൾ മാത്രമേ അഡ്വന്റിസ്റ്റുകാരായി ഉണ്ടായിരുന്നുള്ളു.

“എനിക്ക് ഒരു സിഗരറ്റ് തരാമോ” എന്റെ കാറിന്റെ ചില്ലിൽ തട്ടി എന്റെ മക്കളെ ഭയപ്പെടുത്തി സഡയൂഖി ചോദിച്ചു. “എന്റെ കൈയിൽ സിഗരറ്റ് ഇല്ല” ഞാൻ മറുപടി നല്കി.

പക്ഷേ അപരിചിതൻ വിഷാദത്തോടെ എന്നെ നോക്കി. അദ്ദേഹം നടന്നകന്നപ്പോൾ എന്റെ മക്കളോട് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പറഞ്ഞു. പ്രാർത്ഥിച്ചതിനുശേഷം, ആ മനുഷ്യന് ഒരു ലഘുലേഖ കൊടുത്താലോ എന്ന് ചിന്തിച്ചു. പക്ഷേ അപ്പോൾ എന്റെ കാറിൽ ലഘുലേഖകൾ ഒന്നും ബാക്കി ഉണ്ടായിരുന്നില്ല. ദൈവം എന്തെങ്കിലും പ്രവർത്തിക്കുന്നതിനുവേണ്ടി ഞങ്ങൾ വീണ്ടും പ്രാർത്ഥിച്ചു.

ഞാൻ കണ്ണു തുറന്നപ്പോൾ കാറിന്റെ ഉള്ളിൽ ഒരു ലഘുലേഖ കിടക്കുന്നത് കണ്ടു. പക്ഷേ പെൺകുട്ടികൾ അതിനെ ചവിട്ടി അത് വൃത്തികേടായിരുന്നു. എന്നാലും വായിക്കാനാകുമായിരുന്നു. അത് അല്ലാതെ മറ്റൊന്നുമില്ലായിരുന്നു പങ്കുവയ്ക്കുവാൻ. ഞാൻ എന്റെ കുഞ്ഞുങ്ങളെ എടുത്ത് ആ മനുഷ്യനു പിന്നാലെ ഓടി.

അദ്ദേഹത്തിനടുത്ത് എത്തിയപ്പോൾ ഒരു ബൈബിൾ വാക്യം എന്റെ മനസ്സിൽ തെളിഞ്ഞു. "വെള്ളിയും പൊന്നും ഇല്ല, ഞങ്ങൾക്ക് ഉള്ളത് നല്കുന്നു."

ഞാൻ ആ മനുഷ്യനോട് "താങ്കൾക്ക് നല്കാൻ സിഗരറ്റ് എന്റെ കൈയിൽ ഇല്ല. പക്ഷേ ഇത് നല്കുന്നു." ആ ലഘുലേഖ അദ്ദേഹം വാങ്ങുമോ എന്ന് എനിക്ക് അറിയില്ല. എന്റെ കൈയിൽ നിന്നും വാങ്ങി എന്റെ മുൻപിൽ നിന്നു കൊണ്ട് അതു വായിച്ചു. എന്നെ അദ്ദേഹം നന്ദികൊണ്ട് പൊതിഞ്ഞു. "സത്യം പറഞ്ഞാൽ, എന്തെങ്കിലും ആശ്വാസം ലഭിക്കുമോ എന്നറിയാൻ ഞാൻ അടുത്തുള്ള പള്ളി അന്വേഷിക്കുകയായിരുന്നു. ഞാൻ അവിടെ എത്തുന്നതിനു മുൻപ് നീ എന്റെ അടുക്കലെത്തി." അദ്ദേഹം പറഞ്ഞു.

ഞാൻ ഇതു കേട്ടപ്പോൾ ഞെട്ടിപ്പോയി. ഞങ്ങളുടെ കൂടിക്കാണൽ ദൈവ നിയോഗമായിരുന്നു. എല്ലാ ദിവസവും അദ്ദേഹത്തെ ബൈബിൾ പഠിക്കുന്നതിന് അദ്ദേഹത്തെ ക്ഷണിച്ചു. അങ്ങനെ അടുത്ത ദിവസം ബൈബിൾ പഠിക്കുന്നതിന് വീട്ടിൽ വന്നു.

മൂന്നു മാസം തുടർച്ചയായി ബൈബിൾ പഠിച്ചു. സഡയുഖി വിഷാദ രോഗത്തിനും മദ്യത്തിനും അടിമയായിരുന്നു. രണ്ടു പ്രാവശ്യം ഗുളിക അധികം കഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചു. പക്ഷേ തക്കസമയത്ത് ആശുപത്രിയിൽ എത്തിച്ചതുകൊണ്ട് രക്ഷപ്പെട്ടു. ദൈവസ്നേഹം അറിയാതെ തന്നെ മരിക്കാൻ ദൈവം അനുവദിക്കില്ലെന്ന് ഞാൻ സഡയൂഖിയോട് പറഞ്ഞു.

സഡയൂഖി 2015 ൽ സ്നാനപ്പെട്ടു. അങ്ങനെ സഡയൂഖി ഈ ദ്വീപിലെ മൂന്നുപേരിൽ ആദ്യത്തെ രണ്ടാമത്തെ വിശ്വാസിയായി. അദ്ദേഹം മദ്യം കുടിക്കില്ല. പകരം മദ്യത്തിനു അടിമപ്പെട്ടവർക്കുവേണ്ടി ഒരു ക്ലിനിക്ക് തുടങ്ങാൻ ആഗ്രഹിക്കുന്നു.

ബുദ്ധമതസ്ഥരും ഷിന്റേപാരമ്പര്യം ശക്തമായി അനുവർത്തിക്കുന്ന ഇവിടെ സുവിശേഷം അറിയിക്കുവാൻ ഞാനും ഭാര്യയും നന്നായി വിഷമിച്ച് ഭാരപ്പെടാറുണ്ട്. പക്ഷേ സഡയൂഖിയുടെ പുഞ്ചിരിക്കുന്ന മുഖം ഞങ്ങളെ ഇനിയും അനേകരെ സത്യത്തിലേക്ക് നടത്തുന്നതിന് ശക്തി പകരുന്നു.

◈ ◈ ◈